കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

www.lfa.kerala.gov.in

അനങ്ങനടി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി16/38/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 12.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അനങ്ങനടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമ പഞ്ചായത്ത് – 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും
ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/38/2019 തീയതി – 12.02.2019

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.08.2017 മുതൽ 07.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി. മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	08.10.2018 മുതൽ 20.10.2018 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	എസ്.പ്രേമാനന്ദ്	ഓഡിറ്റ് ഓഫീസർ
	കെ.പി.മുഹമ്മദ് ഫാറൂഖ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	എ.ബി.സുരേഷ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	എൻ.വി.കൃഷ്ണദാസ്	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.എൻ.ആർ.രഞ്ജിത്ത്	01.04.17 മുതൽ 31.03.18 വരെ
സെക്രട്ടറി	ശ്രീ. ഒ.എ.ബാബു	01.04.17 മുതൽ 31.03.18 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി. സെക്രട്ടറി	ശ്രീമതി. ചുരത്തിൽ ഗംഗ ശ്രീ. ശ്രീകുമാർ. എസ്.	1.4.17 മുതൽ 23.06.17 വരെ 24.06.17മുതൽ 31.3.18 വരെ
കൃഷി ഓഫീസർ	ശ്രീമതി. രേഷ്മ മുരളി ശ്രീമതി.സരിത.വി.എസ് ശ്രീ. ആഷ്ജാൻ ശ്രീമതി.സരിത.വി.എസ് ശ്രീ. ആഷ്ജാൻ ശ്രീമതി.സരിത.വി.എസ് ശ്രീ. ശരത് മോഹൻ	1.4.17 മുതൽ 15.04.17 വരെ 16.04.17 മുതൽ 06.08.17 വരെ 07.08.17 മുതൽ 05.10.17 വരെ 06.10.17 മുതൽ 11.10.17 വരെ 12.10.17 മുതൽ 11.12.17 വരെ 12.12.17 മുതൽ 15.01.18 വരെ 16.01.18 മുതൽ 31.3.18 വരെ
വെറ്ററിനറി സർജൻ	ഡോ. ഫാത്തിമ റഹീം ഡോ. സുജിത്ത്. എം ഡോ. രാജേഷ്	1.4.17 മുതൽ 03.04.17 വരെ 04.04.17 മുതൽ 12.06.17 വരെ 13.06.17 മുതൽ 31.3.18 വരെ
വി.ഇ.ഒ.	ശ്രീ. പരമേശ്വരൻ. പി ശ്രീ. ഗോപകുമാർ. പി.എം	1.4.17 മുതൽ 31.05.17 വരെ 1.6.17 മുതൽ 31.3.18 വരെ

അസി. എഞ്ചിനീയർ	ശ്രീമതി. ശോഭ. പി.വി ശ്രീമതി. ജ്യോൽസ്ന ശ്രീ. അഭിലാഷ് കൃഷ്ണൻ ശ്രീ. കിമി ബോസ് ശ്രീമതി. ഐഷാബി. കെ	1.4.17 മുതൽ 27.05.17 വരെ 28.05.17 മുതൽ 14.09.17 വരെ 15.09.17 മുതൽ 11.10.17 വരെ 12.10.17 മുതൽ 18.11.17വരെ 19.11.17 മുതൽ 31.3.18 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി. നസീമ. എം ശ്രീമതി. പാത്തുമ്മ. എ ശ്രീമതി. സുന്ദരി. സി.	1.4.17 മുതൽ 27.09.17 വരെ 28.09.17 മുതൽ 13.12.17 വരെ 14.12.17 മുതൽ 31.3.18 വരെ
മെഡിക്കൽ ഓഫീസർ (അലോപ്പതി)	ഡോ. ജോർജ്ജ് മരിയൻ കുറ്റിക്കാട്ട്	1.4.17 മുതൽ 31.3.18 വരെ
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	ഡോ. സിനി. പി.എം ഡോ. ധന്യ	1.4.17 മുതൽ 20.07.17വരെ 21.07.17 മുതൽ 31.3.18 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ. ഷെറീന. കെ.ടി	1.4.17 മുതൽ 31.3.18 വരെ

<u>ഉള്ളടക്കം</u>

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് പരിശോധന	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11

12	വാർഷിക കണക്കുകളിലെ അപാകതകൾ	1-12
ഭാഗം 2		
13	ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തത് അവശ്യ മേഖലകളിൽ തുക ചെലവഴിക്കാതെ പോകുന്നു.	2-1
14	നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം	2-2
15	വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്	2-3
16	വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടത് സംബന്ധിച്ച്.	2-4
17	കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച്	2-5
18	പ്ലാസ്റ്റിക്ക് വിൽപ്പന നടത്തുന്ന വ്യാപാരികളിൽ നിന്നും മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല- പ്രതിവർഷം വൻതുക നഷ്ടമാകുന്നു.	2-6
19	ഇ.ടെണ്ടർ - ടെണ്ടർ ഫോം വിലയായി ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം.	2-7
ഭാഗം 3		
20	സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പിലാക്കി - തുക തടസപ്പെടുത്തുന്നു	3-1
	അഗതി രഹിത കേരളം- പിൻവലിച്ച പദ്ധതിത്തുക ചെലവഴിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.	3-2
21	പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്രസഹായത്തിൽ ബാക്കിയായ തുക ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്.	3-3
22	എസ്.സി. വിഭാഗത്തിലെ വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം- അവശേഷിക്കുന്ന കട്ടിലുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം	3-4
23	വിവിധ പദ്ധതികൾ ക്കു വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം	3-5
24	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രൊജക്ട് - ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ചു.	3-6
25	അസാധാരണച്ചെലവുകൾ 2011-ലെ കേരള പഞ്ചായത്തീരാജ് (അസാധാരണച്ചെലവുകൾ)ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അസാധാരണ ചെലവുകൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	3-7
26	വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമ പഞ്ചായത്ത് ഒടുക്കുന്നത് ക്രമപ്രകാരമല്ല	3-8
27	പൊതുടാപ്പുകളുടെ വെള്ളക്കരം- ഭീമമായ ചെലവ് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കണം	3-9
28	അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ	3-10
29	മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- അവലോകനം	3-11

ഭാഗം – 4		
30	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
31	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
32	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
33	വായ്പ / വായ്പാതിരിച്ചടവ്	4-4
34	സ്ഥിര നിക്ഷേപം	4-5
35	ഓഡിറ്റ് റിക്കവറി	4-6
36	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
37	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
38	ഓഡിറ്റ് പ്രത്യവലോകനം	4-9
39	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

25/03/2017തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. 03/02/2018 തീയതിയിലെ 4(1) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി അംഗീകരിച്ച പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.03.18ലെ തീരുമാന നമ്പർ 7 പ്രകാരം ഭരണസമിതി അംഗീകരിച്ചു.

വിവിധ സ്റ്റാന്റിങ് കമ്മറ്റികൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല. ബഡ്ജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തുകയോ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതിനെക്കാൾ കൂടുതൽ ചെലവു ചെയ്യുകയോ ചെയ്തിട്ടില്ല. 28/03/2017 തീയതിയിൽ ബഡ്ജറ്റ് പാസാക്കിയെങ്കിലും 22.05.17നാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി 2017-18ലേക്കുള്ള കരട് പദ്ധതികളെ കുറിച്ച് ചർച്ച ചെയ്തത്. 17-18ലേക്കുള്ള പദ്ധതികൾ ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിച്ചത് 23.05.2017ൽ മാത്രമാണ്. സർക്കാർ ഉത്തരവ് (സാധാ) നം.3291/2016 ത.സ്വ.ഭ.വ തീയതി: 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ അനുശാസിക്കുന്ന സമയക്രമം പാലിച്ച് ബഡ്ജറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഇനി മേൽ സ്വീകരിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.05.2018	18.05.2018	ബാധകമല്ല	ബാധകമല്ല

വാർഷിക ധനകാര്യ പത്രികയിലെ ചെലവുകൾ ശീർഷകങ്ങളെ അടിസ്ഥാനമാക്കി വാർഷിക

റിപ്പോർട്ടുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നില്ല. ഫണ്ട് തിരിച്ച് ചെലവു വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ലഭ്യമാവുന്നില്ല.

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2017-18	25-6-2018, 26-6-2018	നം.കെ.എസ്.എ-പികെഡി.21/ 1904(42)/2018 തിയതി 29-8-2018

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	12,064,349.00
വരവ്	50,199,624.00
ആകെ	62,263,973.00
ചെലവ്	54,399,256.00
നീക്കിയിരിപ്പ്	7,864,717.00

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി/
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	11671000	11671000	10354685	1316315
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	9022125	9022125	8386935	635190
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0				
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	1737000	1737000	1455293	281707
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	3134998	3134998	3066120	68878
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	5730828	5730828	5336411	394417
കെ.എൽ.എസ്.ജി.ഡി.പി (State)(ACR)		0	727479	727479	712900	14579
കെ.എൽ.എസ്.ജി.ഡി.പി (Central)(ACR)		0	1955308	1955308	1391231	564077
സാക്ഷരത		8395	313	8708	0	8708
ദുരിതാശ്വാസനിധി		18928	332	19260	0	19260
എം.ജി.എൻ.	തൊഴിലാളികളുടെ കൂലി	0	12724723	12724723	12724723	0

ആർ.ഇ.ജി.എസ്	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	12456	2232788	2245244	2242047	3197
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ	(ICDS)	570862	929807	1500669	362899	1137770
	TSC	430145	210000	640145	0	640145
	RSBY					
സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ	തൊഴിലില്ലായ്മാ വേതനം	0	12960	12960	12960	0
	വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	0	540000	540000	540000	0
	നെല്ലുൽപ്പാദന ബോണസ്	0	143200	143200	143200	0
കേരളോൽസവം ഗ്രാന്റ്		0	35000	35000	40150	-5150
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	0	680000	680000	680000	0
	ജില്ലാ പഞ്ചായത്ത്	271308	0	271308	235554	35754
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	6160459	7544426	13704885	7189855	6515030
	ട്രഷറി അക്കൗണ്ട്	4973447	9036910	14010357	13514150	496207

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
166	51718695	116	33267583	1	50	70%

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	12456	2232788	2245244	2242047	3197
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	12724723	12724723	12724723	0
ആകെ	12456	14957511	14969967	14966770	3197

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	12960	24
കർഷക തൊഴിലാളി പെൻഷൻ	1991400	155
വിധവാ പെൻഷൻ	12150700	997
വാർദ്ധക്യകാല പെൻഷൻ	21851500	1569
വികലാംഗ പെൻഷൻ	2640200	225
അവിവാഹിത പെൻഷൻ	1289000	106

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2018 ന് ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,737/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

സംസ്ഥാന - കേന്ദ്ര ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പരിപാലിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. മറ്റെല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത്
തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറിയും ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.
ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമ പ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും ഡി.സി.ബി., കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. ടാക്സുകൾ നിയമ പ്രകാരമുള്ള നിരക്കുകളിൽ തന്നെയാണ് ഈടാക്കുന്നത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ഓഫീസ് ഉപയോഗത്തിനുള്ള സാധനങ്ങളുടെ കാര്യത്തിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി അത്യാവശ്യ സാധനങ്ങൾ മാത്രം വാങ്ങി ഉപയോഗിച്ചത് തനതു ഫണ്ടിന്റെ ചെലവ് ചുരുക്കാൻ സഹായിച്ചിട്ടുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. പർച്ചേസ് ഓർഡർ, വർക്ക്

ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

WINDOWS-IKM സോഫ്റ്റ്‌വെയറുകൾ ആണ് സ്ഥാപനത്തിൽ ഉപയോഗിച്ചു വരുന്നത്. സാംഖ്യ സോഫ്റ്റ്‌വെയറിൽ updation നടക്കുമ്പോൾ നിലവിലുള്ള data സുരക്ഷിതമായി നിലനിൽക്കുന്നില്ല എന്ന പ്രശ്നം ഉണ്ട്. വരവു ഭാഗവുമായി ബന്ധപ്പെട്ട് സാംഖ്യ സോഫ്റ്റുവെയറുമായി Link ചെയ്തിരിക്കുന്ന വസ്തുനികുതിക്കു വേണ്ടി തയ്യാറാക്കിയ ഒരു സോഫ്റ്റ് വെയർ മാത്രമാണുള്ളത്. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വേറും ജനനമരണ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന സോഫ്റ്റ്‌വേറും പ്രാബല്യത്തിലുണ്ട്. എല്ലാ വരവിനങ്ങളുടെയും ഡിമാന്റ് കലക്ഷൻ രജിസ്റ്ററുകൾ സാംഖ്യാ സോഫ്റ്റ്‌വേറുമായി ബന്ധിപ്പിക്കുന്ന രീതിയിൽ സോഫ്റ്റ്‌വേറുകൾ ലഭ്യമാവേണ്ടതുണ്ട്. ബഡ്ജറ്റിനും സാംഖ്യയുമായി Link ചെയ്തിരിക്കുന്ന സോഫ്റ്റ്‌വെയർ ഉണ്ടെങ്കിൽ വരവു ചെലവുകളിൻമേൽ നിയന്ത്രണം എളുപ്പത്തിൽ സാദ്ധ്യമാവും. എല്ലാ നികുതിയിനങ്ങളും Online ആയി അടക്കാനുള്ള സംവിധാനവും, ആവശ്യമായ സർട്ടിഫിക്കറ്റുകൾ Online ആയി Generate ചെയ്യുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാവാൻ സഹായകരമാവും. ഇപ്പോൾ Onlineൽ ലഭ്യമാവുന്ന സേവനങ്ങൾ സംബന്ധിച്ച് ഗ്രാമസഭ മുഖേന ജനങ്ങളെ ബോധ്യപ്പെടുത്തുകയും ആവശ്യമെങ്കിൽ പരിശീലനം നൽകുകയും ചെയ്യാവുന്നതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	26.09.2018	ഓഗസ്റ്റ് 2018	26.09.2018
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.01.2016 മുതൽ 06.02.2016 വരെ	2013-14 മുതൽ 2014-15 വരെ	04.03.2016

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ഒന്നും തന്നെയില്ല.

ഭാഗം-2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തത് അവശ്യ മേഖലകളിൽ തുക ചെലവഴിക്കാതെ പോകുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ,അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനു ശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും അനങ്ങനടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിച്ചിട്ടില്ല.
2. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 നു മുൻപ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടിട്ടില്ല.

3. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

6. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചാത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

അനങ്ങനടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ കരട് ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23.03.2017 ന് അവതരിപ്പിക്കുകയും ആയത് ഭരണസമിതി (തീരുമാനം നം.1 തിയതി. 25.03.2017) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇടയാക്കും എന്നത് ഭരണസമിതിയുടെ പ്രതേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട പങ്കാളിത്തത്തോടെ സമയബന്ധിതമായി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നം. 6/10.10.2018-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 2019-2020 വർഷം നിർദ്ദേശങ്ങൾ എല്ലാം പാലിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

2-2 നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ചട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തത് പഞ്ചായത്ത് ഫണ്ടിന് വരുമാന

നഷ്ടമുണ്ടാക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റമെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ അനങ്ങനടി ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും 31.10.2017 ലെ ചട്ട ഭേദഗതിക്കുശേഷമുള്ള അപേക്ഷകളിൽ ദൈനംദിന വിറ്റുവരവ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസുകൾക്ക് ഫീസ് ഈടാക്കിയിട്ടുള്ളതെന്നും കണ്ടെത്തി. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 03/18, തിയതി. 09.10.2018) 10.10.2018-ാം തിയതി നൽകിയ മറുപടിയിൽ പ്രസ്തുത വിഷയം അടുത്ത പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ പുതിയ നിരക്കിലുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായ പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2-3 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) വിവിധ കെട്ടിടങ്ങളുടെ തരം തെറ്റായിട്ടാണ് രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് അവയുടെ തരം, ഉപയോഗക്രമം എന്നിവ തെറ്റായിട്ടാണ്. കെട്ടിടങ്ങൾക്ക് തെറ്റായ തരം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതുവഴി വസ്തു നികുതി ഇനത്തിൽ വർഷംതോറും വൻതുക പഞ്ചായത്തിന് നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ</u>

ക്രമ നം	കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്	സ്ഥാപനത്തിന്റെ പേര്/ ഉപയോഗക്രമം	രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം (ഫോറം-6)	യഥാർത്ഥത്തിലുള്ള ഉപയോഗക്രമം	വിസ്തീർണ്ണം (m^2)
1	2/131	സുബ്രഹ്മണ്യൻ, അനങ്ങനടി, പനമണ്ണ	പ്രിസർവേറ്റീവ് സാധനങ്ങളുടെ വിൽപ്പന	പാർപ്പിടാവശ്യം-വീടുകൾ	വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണ്	41
2	1/424	സെക്രട്ടറി വനിതാ സഹകരണ സംഘം, പനമണ്ണ	വനിതാ കാന്റീൻ	നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം	"	20
3	14/234	ജോതി, പനമണ്ണ	ലൈറ്റ് & സൗണ്ട് സ്ഥാപനം	പാർപ്പിടാവശ്യം-വീടുകൾ	"	28
4	9/326	അബ്ദുൾ ഖാദർ	പാക്കോട്ടിൽ ഹോളോബ്രിക്സ്	പാർപ്പിടാവശ്യം-വീടുകൾ	"	55
5	8/137	പ്രഭാകരൻ, പനമണ്ണ	സോഡ നിർമ്മാണം-വിതരണം	പാർപ്പിടാവശ്യം-വീടുകൾ	"	30.21

മേൽ പറഞ്ഞിട്ടുള്ളവയുടെ യഥാർഥത്തിലുള്ള കെട്ടിടങ്ങളുടെ തരം, ഉപയോഗക്രമം എന്നിവയ്ക്ക് അനുസൃതമായും, അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവുകൾ, കിഴിവുകൾ, വർദ്ധനവിനുള്ള പരിമിതി എന്നിവയ്ക്കു ശേഷം ഈടാക്കേണ്ടതുമായ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ കെട്ടിടങ്ങളുടെയും ഫോം 6 വിവരങ്ങൾ പരിശോധിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുടെ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതുമാണ്. വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായി തരം മാറ്റിയിട്ടുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം പരിശോധിച്ച് നികുതി നിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.13/17-18 തിയതി. 17.10.2018)

2-4 വസ്തുനികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/2017-18) അടുത്ത നികുതി പരിഷ്കരണത്തിന്റെ സമയത്ത് പരിഗണിക്കാവുന്നതാണ് എന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 09.07.2018 ഇൽ തീരുമാനിച്ചിട്ടുള്ളതായി (തീരുമാനം നം.2(1)) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരുമാന സ്രോതസ്സുകൾ വളരെ കുറഞ്ഞ അനങ്ങനടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

2-5 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച്

എ) രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തത് വരുമാന നഷ്ടമുണ്ടാക്കുന്നു

പെർമിറ്റ് രജിസ്റ്ററിന്റെ പരിശോധനയിൽ 2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും

ആകെ 119 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2014-15 ൽ നിർമ്മാണാനുമതി നൽകിയ ഇവയുടെ കാലാവധി 2017-18 അവസാനിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ന്യൂ ബ്യൂൽഡിംഗ് രജിസ്റ്റർ 2018 ജനവരി മുതലാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഓഡിറ്റ് വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയായ എല്ലാ കെട്ടിടങ്ങൾക്കും പുതിയ കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല, ആയതിനാൽ വസ്തു നികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ പെർമിറ്റ് അനുവദിച്ചവ യഥാസമയം പൂർത്തിയാക്കിയിട്ടുണ്ടോ എന്നും, പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കാലാവധി നീട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ന്യൂ ബ്യൂൽഡിംഗ് രജിസ്റ്ററിൽ ചേർത്ത് നികുതി നിർണ്ണയിച്ച് നൽകുന്നതിനോടൊപ്പം പെർമിറ്റ് രജിസ്റ്ററിലും പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുകയാണെങ്കിൽ ഇത്തരത്തിലുള്ള വരുമാന ചോർച്ച തടയാൻ കഴിയുന്നതാണ്.

ബി) <u>അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കിയിട്ടില്ല</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 തിയതിയിലെ ജി.ഒ(പി)നം.81/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 675/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ (F.A.R) പരിധിയും അധികഫീസോടു കൂടി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ പരിധിയും ആയതിനാനുപാതികമായ നിരക്കുകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് വില്ലേജ് II കാറ്റഗറിയിൽ ഉൾപ്പെടുന്ന അനങ്ങനടി ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ പരാമവധി തറവിസ്തീർണ്ണാനുപാതവും, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള നിരക്കും നിശ്ചയിക്കേണ്ടത്.

2017 ജൂൺ മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായാണ് സ്വീകരിച്ച് വരുന്നത്. തുടർ നടപടികളും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. 2017-18 ൽ ആകെ 164 കെട്ടിട നിർമ്മാണ പെർമിറ്റുകളാണ് സങ്കേതം സോഫ്റ്റ്‌വെയർ മുഖേന നൽകിയിട്ടുള്ളത്. സോഫ്റ്റ്‌വെയറിൽ നിന്നുള്ള പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ അധിക ഫീസോടു കൂടി അനുവദിക്കാവുന്ന F.A.R ന് ആനുപാതികമായി ഈടാക്കേണ്ട നിരക്ക് അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഭേദഗതി ചട്ടപ്രകാരം അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 5000 രൂപ നിരക്കിലാണ് ഈടാക്കേണ്ടത്. ചട്ട ഭേദഗതിക്ക്(31.10.2017) ശേഷം 104 അപേക്ഷകളാണ് സോഫ്റ്റ് വെയറിലൂടെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ആയതിൽ 98 കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ചട്ട ഭേദഗതിക്ക് ശേഷമുള്ള നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ അപേക്ഷകളിലാണ് മേൽ അപാകതയുള്ളത്. അതിനുശേഷം സോഫ്റ്റവെയറിൽ ഭേദഗതി പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

നവംബർ, ഡിസംബർ മാസങ്ങളിലെ അപേക്ഷകളിൽ ഓഡിറ്റ് കാലയളവിൽ

ലഭിച്ച അപേക്ഷകളിൽ അധിക F.A.R ആവശ്യമായിട്ടുള്ള കെട്ടിടങ്ങൾ ഇല്ല എന്നതിനാൽ നിലവിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ഭേദഗതി ചട്ടം നിലവിൽ വന്നതിനു ശേഷവും ആയതു പ്രകാരമുള്ള നിരക്കുകൾ കണക്കാക്കാതെ സോഫ്റ്റ്‌വെയറിലെ ഇ – ഫയലിംഗ് മുഖേന ലഭിക്കുന്ന അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പ്രകാരമാണ് കണക്കാക്കുന്നത് എങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുമ്പോൾ F.A.R ന്റെ പരിധി തെറ്റായി നിശ്ചയിച്ച നൽകുന്നതിനും അധിക F.A.R പെർമിറ്റ് ഫീസിനത്തിൽ വലിയ തോതിൽ വ്യത്യാസപ്പെടാനും ഇടയാക്കുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/10.10.2018) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2-6 പ്ലാസ്റ്റിക്ക് വിൽപ്പന നടത്തുന്ന വ്യാപാരികളിൽ നിന്നും മാലിന്യ പരിപാലന ഫീസ് ഈടാക്കുന്നില്ല- പ്രതി വർഷം വൻതുക നഷ്ടമാകുന്നു

കേന്ദ്ര സർക്കാരിന്റെ 2016 ലെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുള്ളത് ഭരണസമിതിയുടെ 21.08.2017 തിയതിയിലെ 18(1) നമ്പർ തീരുമാന പ്രകാരം നിരോധിച്ചിട്ടുണ്ട്. ചട്ട പ്രകാരം നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ വർഷത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി(ആറ് മാസത്തിനകം) വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അനങ്ങനടി ഗ്രാമ പഞ്ചായത്ത് ആയത് സംബന്ധിച്ച് 21.08.2017 തിയതിയിലെ എ5/100/2017 നമ്പർ ഉത്തരവ് പ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഓഡിറ്റ് വർഷം 240 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇവരിൽ ആരും തന്നെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ വിൽപ്പന നടത്തുന്നതിന് രജിസ്റ്റർ ചെയ്യുകയോ, ലൈസൻസ് ഫീസിനോടൊപ്പം പ്ലാസ്റ്റിക്ക് വേസ്റ്റ് പരിപാലന ഫീസ് അടവാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പ്രദേശത്തെ പകുതിയിലേറെ വ്യാപാരികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവരാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇവരിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന ഫീസ്

ഈടാക്കിയിരുന്നെങ്കിൽ ഈ ഇനത്തിൽ കുറഞ്ഞത് 57 ലക്ഷത്തിൽപ്പരം രൂപയുടെ വരുമാനം ഉണ്ടാകുമായിരുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/2018 തീ. 09.10.2018) 10.10.2018 തിയതി മറുപടി ലഭ്യമാക്കിയെങ്കിലും മറുപടി തൃപ്തികരമല്ല. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ വിൽപ്പന നടത്തുന്ന എല്ലാ വ്യാപാരികളിൽ നിന്നും മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കേണ്ടതാണ്, പ്രസ്തുത ചട്ടങ്ങളിലേയും, സർക്കുലറിലേയും നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായ ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതും, ഫീ പിരിച്ചെടുക്കേണ്ടതുമാണ്.

2-7 ഇ.ടെണ്ടർ - ടെണ്ടർ ഫോം വിലയായി ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം

ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികൾ ഇ.ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ ഫോം വിലയായി ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എഞ്ചീനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ടെന്നും ആയത് പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.11(1)/15.10.2018) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്.

ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പിലാക്കി - തുക തടസപ്പെടുത്തുന്നു

പ്രോജക്ട് നം : 78/17-18 പ്രോജക്ടിന്റെ പേര് : തേനീച്ച കൃഷി (നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ)

അടങ്കൽ : 46000 (വികസന ഫണ്ട് 23000+ ഗുണഭോക്തൃ വിഹിതം 23000)

ചെലവ് : ₹.45000 (വികസന ഫണ്ട് 22500+ ഗുണഭോക്തൃ വിഹിതം 22500) ബിൽ നം : 6/12.03.2018 രൂപ 22500

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തേനീച്ച കൃഷി പദ്ധതിയിൻ കീഴിൽ 30 ഗുണഭോക്താക്കൾക്ക് 750/- രൂപ വീതം ആകെ 22500 രൂപ വികസന ഫണ്ടിൽ നിന്നും സബ്സിഡി ഇനത്തിൽ നൽകി. 2017-18 ലെ സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് സബ്സിഡി ഇനത്തിൽ തുക ചെലവഴിച്ചതിന് ആസ്പദമായ സർക്കാരിന്റെ മുൻകൂർ അനുമതിയോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവോ

ഇല്ലാതെയാണ് ടി പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതിക്ക് സബ്സിഡി നൽകിയതിനാസ്പദമായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിലേക്കായി ചെലവുതുക ₹.22500/- തടസപ്പെടുത്തുന്നു.

(ജി. ഒ. (എം. എസ്) നം. 80/17 ത. സ്വ. ഭ. വ. തീയതി. 03.04.2017,
സ. ഉ. (സാധാ.)നം. 1683/17 ത. സ്വ. ഭ. വ. തീയതി. 23.05.2017 എന്നിവ കാണുക)
(ഓഡിറ്റ് അന്വേണം നം.9/ 17-18, തിയതി. 11.10.2018)

3-2 അഗതി രഹിത കേരളം- പിൻവലിച്ച പദ്ധതിത്തുക ചെലവഴിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം

2017-18 സാമ്പത്തിക വർഷത്തിൽ ആശ്രയ പദ്ധതി - ഒന്നാം ഘട്ട തുടർ പ്രവർത്തനങ്ങൾ എന്ന പ്രൊജക്ട് നിർവഹണത്തിനു വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പദ്ധതി ഫണ്ടിൽ നിന്നും 361537 രൂപ പിൻവലിച്ചിട്ടുണ്ട്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ 58/17-18
പ്രൊജക്ടിന്റെ പേര് ആശ്രയ ഒന്നാംഘട്ടപ്രവർത്തനങ്ങൽ (അഗതി രഹിത കേരളം)
അടങ്കൽ 3611537
ചെലവ് 361537 (ട്രഷറി ബിൽ നം. 28/23/03.18)

ആശ്രയ ഒന്നാംഘട്ട തുടർപ്രവർത്തനവുമായി ബന്ധപ്പെട്ട അഗതി രഹിത കേരളം പദ്ധതിച്ചെലവിനു വേണ്ടി മേൽ പറഞ്ഞ പ്രകാരം 361537 രൂപ പദ്ധതി ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീയുടെ പേരിൽ SBI അനങ്ങനടി ശാഖയിലെ 67393878784 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

സ.ഉ. (എം.എസ്.) 252/2017 / ത.സ്വ.ഭ.വ തീയ്യതി12.12.2017 പ്രകാരം, ആശ്രയ പദ്ധതിക്ക് അനുവദിക്കപ്പെട്ടതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ മുഴുവൻ തുകയും, അഗതി രഹിത കേരളം പദ്ധതിക്കായി ഒരു അക്കൗണ്ട് ആരംഭിച്ച് അതിൽ ഓപ്പണിംഗ് ബാലൻസായി ചേർക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്.

മേൽ ഉത്തരവിലെ നിർദേശ പ്രകാരം, ഗ്രാമ പഞ്ചായത്ത് അഗതി രഹിത കേരളം പദ്ധതിക്കു വേണ്ടി പ്രത്യേകം അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും മേൽ പറഞ്ഞ തുക നിർദിഷ്ട അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. മാത്രമല്ല, അഗതി രഹിത കേരളം പ്രൊജക്ട് നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 24.22.10.18) ,സമർപ്പിച്ച മറുപടിയിൽ, അഗതി രഹിത കേരളം പ്രൊജക്ട് പൂർത്തിയായിട്ടില്ലെന്നും, പൂർത്തിയാകുന്ന മുറയ്ക്ക് മേൽ പറഞ്ഞ പദ്ധതിത്തുക മാറ്റി നിക്ഷേപിച്ച് പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ആയതിനാൽ സർക്കാർ നിർദേശ പ്രകാരം അടിയന്തിരമായി പ്രൊജക്ട് പൂർത്തിയാക്കി നിർദിഷ്ട തുക ചെലവഴിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-3 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്രസഹായത്തിൽ ബാക്കിയായ തുക ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയത് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

ആകെ അങ്കണവാടികൾ	26
സ്വന്തമായി കെട്ടിടമുള്ളവ	19
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	7
കുടിവെള്ള സൗകര്യമുള്ളവ	10
വൈദ്യുതീകരിച്ചവ	15
ചുറ്റുമതിൽ ഉള്ളവ	8
ആർ. സി അല്ലാത്തത്	14
ഫുഡ് കണ്ടയ്നർ ഉള്ളവ	17

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ കണക്കു പ്രകാരം പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമായ കേന്ദ്രവിഹിതത്തിൽ 1137770 രൂപ 31-3-2018-ന് അവശേഷിക്കുന്നുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിലുള്ള കുടിവെള്ള ടാങ്ക്, ചുറ്റുമതിൽ, സ്വന്തമായി കെട്ടിടം, നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് തുടങ്ങിയ ആവശ്യങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന കേന്ദ്രവിഹിതം ഇത്തരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുൻഗണന പരിശോധിച്ച് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

3-4 എസ്.സി. വിഭാഗത്തിലെ വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം- അവശേഷിക്കുന്ന കട്ടിലുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം

2017-18 സാമ്പത്തിക വർഷത്തിൽ അനങ്ങനടി ഗ്രാമ പഞ്ചായത്ത് അസി. സെക്രട്ടറി നടപ്പിലാക്കിയ " വൃദ്ധർക്ക് കട്ടിൽ വിതരണം" എന്ന പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നമ്പർ 164/17-18

പ്രൊജക്ട് അടങ്കൽ 1127600 രൂപ

ചെലവ് 1123500 രൂപ

ബിൽ നം. 5/17-18 തീ. 11.01.2018-786450

ബിൽ നം. 8/17-18 തീ. 17.2.2018- 337050

ആകെ 1123500

കട്ടിലുകളുടെ എണ്ണം 280

സപ്ലൈ ചെയ്ത ഏജൻസി മെറ്റൽ ഇൻഡസ്ട്രീസ്.ലി. ഷൊർണ്ണൂർ

(ഇൻവോയ്സ് നമ്പർ- MIL/TR 007/17-18. 16.12 2017)

(ഇൻവോയ്സ് നമ്പർ- MIL/TR 014/17-18.09.02.18)

തെരഞ്ഞെടുക്കപ്പെട്ട 280 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി 280 കട്ടിലുകൾ മേൽ പറഞ്ഞ പ്രകാരം ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയിൽ 274 എണ്ണം മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. ബാക്കി വരുന്ന 6 കട്ടിലുകൾ വിതരണം ചെയ്യപ്പെടാതെ ഗ്രാമ പഞ്ചയത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഇപ്രകാരം കട്ടിലുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നമ്പർ 8, തീ. 11.10.2018) നൽകിയ മറുപടിയിൽ നടപ്പു വർഷം യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തി, വിതരണം ചെയ്യുന്നതാമെന്ന് നിർവഹണോദ്യഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടത്തിൽ,സൂക്ഷിച്ചിരിക്കുന്ന കട്ടിലുകളിൽ കൃഷി ഭവന്റെ , വിതരണം ചെയ്യാനുള്ള വളച്ചാക്കുകൾ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. സ്ഥിരമായി അമിത ഭാരം സൂക്ഷിക്കുന്നത് കട്ടിലുകൾക്ക് കേടുപാടുകൾ വരുത്താൻ സാധ്യതയുള്ളതിനാൽ, അവ മാറ്റി എത്രയും വേഗം വിതരണം ചെയ്ത് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-5 വിവിധ പദ്ധതികൾ ക്കു വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളുടെ നിർവഹണത്തിനു വേണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിവിധ ഏജൻസികൾക്കു കൈമാറിയ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	പ്രൊജക്ടിന്റെ നമ്പറും പേരും	ചെലവ് തുക	തുക സ്വീകരിച്ച ഏജൻസിയുടെ പേര്
1	02/17-18 SSA ഗ്രാമ പഞ്ചായത്ത്	350000 ബിൽനം	SSA ജില്ലാ പ്രൊജക്ട് ഓഫീസർ, പാലക്കാട്

	വിഹിതം	2/17-18 27.7.17	
2	55/17-18 ഗതാഗതത്തിന് തടസ്സമായ പോസ്റ്റ് മാറ്റൽ	38733 ബിൽനം 27/17-18 23.3.18	KSEB, അനങ്ങനടി
3	122/17-18 ശ്മശാനം നവീകരണം- ഗ്യാസ് ക്രെമിറ്റോറിയം (പഞ്ചായത്ത് വിഹിതം)	1150000 ബിൽനം 15/17-18 6.1.18	ജില്ലാ പഞ്ചായത്ത്, പാലക്കാട്
4	163/17-18 സമ്പൂർണ വൈദ്യുതീകരണം ഗ്രാമ പഞ്ചായത്ത് വിഹിതം)	1250000 ബിൽനം 3/17-18 21.8.17	KSEB, അനങ്ങനടി

മേൽ പറഞ്ഞ ഏജൻസികൾ കൈപ്പറ്റിയ തുകയുടെ ചെലവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

3-6 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രൊജക്ട് - ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ചു.

പ്രൊജക്ട് നം 76 /18

തുക 4,70,000

1. ബിൽ നം.8 /12.03.18 തുക.1,17,200
2. ബിൽ നം.7 /29.01.18 തുക.3,32,800
3. ചെക്ക് നം.861302 /20.03.18 തുക.20,000

ടി പ്രൊജക്ടിലെ വ്യക്തിഗത ഗുണഭോക്താക്കളിൽ താഴെപറയുന്ന വിദ്യാർത്ഥികൾക്ക് അവരുടേതല്ലാത്ത ബാങ്ക് അക്കൗണ്ടുകളിലേക്കാണ് പണം നിക്ഷേപിച്ചിരിക്കുന്നതെന്ന് അവരുടെ അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ പകർപ്പും, തുക പിൻവലിച്ചു നൽകുമ്പോൾ സമർപ്പിക്കപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റിന്റെയും പരിശോധനയിൽ കാണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

അപേക്ഷയോടൊപ്പമുള്ള വിശദാംശങ്ങൾ	ബാങ്ക് സ്റ്റേറ്റ്മെന്റ് സംബന്ധിച്ച്

1.ഖലീൽ റഹ്മാൻ, S/o മുഹമ്മദ് ഷെരീഫ് കുണ്ടുപറമ്പിൽ വീട്, അനങ്ങനടി, എസ് ബി ടി അക്കൗണ്ട് നം 67173792057	ബിൽ നം 7/29.01.18 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും രൂ.5,400 ബിൽ നം 8 /12.03.18 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും രൂ.1,800 എന്നിവ നിക്ഷേപിച്ചത് എസ് ബി ഐ അക്കൗണ്ട് നം.6739116175 ലേക്കാണ്.
2.നസ്റീന എം D/o മുഹമ്മദ് അസ്ലം, മടാല വീട്, അമ്പലവട്ടം പനമണ്ണ, എസ് ബി ടി അക്കൗണ്ട് നം 6739116175	ബിൽ നം 7/29.01.18 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും രൂ.5, 400 ബിൽ നം 8 /12.03.18 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും രൂ.1,800 എന്നിവ നിക്ഷേപിച്ചത് എസ് ബി ഐ അക്കൗണ്ട് നം.67281007654 ലേക്കാണ്.

ഖലീൽ റഹ്മാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകേണ്ട തുക അനർഹമായി മറ്റാരുടേയോ അക്കൗണ്ടിലേക്ക് മാറിയത് ഓഡിറ്റ് അന്വേഷണത്തിന്റെ ഭാഗമായി 10.10.2018 തിയതിയിൽ തിരികെ ഈടാക്കി ടിയാന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തു. സ്കോളർഷിപ്പ് സംബന്ധിച്ച് തീരുമാനമെടുത്ത് നടപ്പിലാക്കിയ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് കുറ്റമറ്റതാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.2/17-18, തിയതി. 09.10.2018) ആയതിൻ പ്രകാരം മറുപടി സ്വീകരിച്ച് യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം നൽകി.

3-7 <u>അസാധാരണച്ചെലവുകൾ 2011-ലെ കേരള പഞ്ചായത്തീരാജ് (അസാധാരണച്ചെലവുകൾ)ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല അസാധാരണച്ചെലവുകൾ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

2011-ലെ കേരള പഞ്ചായത്തീരാജ് (അസാധാരണ ച്ചെലവുകൾ) ചട്ടങ്ങൾ ചട്ടം-3.(1)- ലെ i മുതൽ xiv വരെ യുള്ള , നിർദ്ദേശിക്കപ്പെട്ട ഇനങ്ങൾക്കുള്ള ചെലവു കളെയാണ് അസാധാരണച്ചെലവുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. (വിശദാംശങ്ങൾക്ക് പ്രസ്തുത ചട്ടങ്ങൽ കാണുക)

മേൽ പറഞ്ഞ ചട്ടങ്ങളിലെ ഉപഖണ്ഡിക 3.(2) പ്രകാരം, അസാധാരണച്ചെലവുകൾ പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിന്താങ്ങിയുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ഉപഖണ്ഡിക 3.(4) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അസാധാരണച്ചെലവുകൾക്കുള്ള പരിധി, മുൻ വർഷത്തെ മിച്ച ഫണ്ടിന്റെ 20% വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് ഒഴികെയുള്ള ആ വർഷത്തെ തനത്

വരുമാനത്തിൽ നിന്നും ശമ്പളം , അലവൻസുകൾ , മറ്റു പ്രതിഫലങ്ങൾ വൈദ്യുതി ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മാലിന്യം നീക്കാനുള്ള ചെലവുകൾ, എന്നിവയ്ക്ക് വേണ്ടി ആ വർഷം ചെലവാക്കിയ തുക കുറച്ചാൽ കിട്ടുന്ന തുക ഗ്രാമ പഞ്ചായത്തിന് മിച്ച ഫണ്ടായി കണക്കാക്കാം.

ഉപഖണ്ഡിക3.(5) പ്രകാരം പഞ്ചായത്ത് അസാധാരണച്ചെലവു സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇതിൽ, ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ തീയ്യതി ആകെ ചെലവ് എന്നിവ രേഖപ്പെടുത്തണം. രജിസ്റ്റർ ഓഡിറ്റ് ഏജൻസികൾ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണം.അസാധാരണച്ചെലവുകളുടെ വാർഷികക്കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമ സഭകളിലും അവതരിപ്പിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 451/എഫ്.എം/2/2015/ത.സ്വ.ഭ.വ യ17.12.2015-ലെ നിർദ്ദേശപ്രകാരം അസാധാരണച്ചെലവുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധി കർശനമായും പാലിക്കേണ്ടതുണ്ട്.

എന്നാൽ, അനങ്ങനടി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞ ചട്ടപ്രകാരം അസാധാരണച്ചെലവു രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇക്കാരണത്താൽ ,ഈയിനത്തിലെ ചെലവ് ചട്ടപ്രകാരമുള്ള പരിധി ലംഘിക്കുന്നില്ല എന്നുറപ്പാക്കാനായിട്ടില്ല.
ആയതിനാൽ , അസാധാരണച്ചെലവുകൾക്ക് ചട്ടപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ രജിസ്റ്റർ പരിപാലിക്കുകയും ആയത് അടുത്ത ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ ചട്ടങ്ങളിലെ ഉപഖണ്ഡിക 3.(2) പ്രകാരം, അസാധാരണച്ചെലവുകൾ പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിന്താങ്ങിയുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

ഉപഖണ്ഡിക 3.(4) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അസാധാരണച്ചെലവുകൾക്കുള്ള പരിധി, മുൻ വർഷത്തെ മിച്ച ഫണ്ടിന്റെ 20% വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് ഒഴികെയുള്ള ആ വർഷത്തെ തനത് വരുമാനത്തിൽ നിന്നും ശമ്പളം , അലവൻസുകൾ , മറ്റു പ്രതിഫലങ്ങൾ വൈദ്യുതി ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മാലിന്യം നീക്കാനുള്ള ചെലവുകൾ, എന്നിവയ്ക്ക് വേണ്ടി ആ വർഷം ചെലവാക്കിയ തുക കുറച്ചാൽ കിട്ടുന്ന തുക ഗ്രാമ പഞ്ചായത്തിന് മിച്ച ഫണ്ടായി കണക്കാക്കാം.

ഉപഖണ്ഡിക3.(5) പ്രകാരം പഞ്ചായത്ത് അസാധാരണച്ചെലവു സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇതിൽ, ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ തീയ്യതി ആകെ ചെലവ് എന്നിവ രേഖപ്പെടുത്തണം. രജിസ്റ്റർ ഓഡിറ്റ് ഏജൻസികൾ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണം.അസാധാരണച്ചെലവുകളുടെ വാർഷികക്കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമ സഭകളിലും അവതരിപ്പിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 451/എഫ്.എം/2/2015/ത.സ്വ.ഭ.വ യ17.12.2015-ലെ നിർദ്ദേശപ്രകാരം അസാധാരണച്ചെലവുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധി കർശനമായും പാലിക്കേണ്ടതുണ്ട്. എന്നാൽ , അനങ്ങനടി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞ ചട്ടപ്രകാരം അസാധാരണച്ചെലവു രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഇതു സംബന്ധിച്ച് 23.10.18ന് നൽകിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ 2017-18ൽ ഇത്തരത്തിൽ ചെലവുകളൊന്നും നടത്തിയിട്ടില്ലെന്നും 2018-19 മുതൽ ചട്ട പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സമർപ്പിക്കപ്പെട്ടില്ല.

ആയതിനാൽ ഇക്കാര്യത്തിൽ ചട്ടപ്രകാരം രജിസ്റ്റർ പരിപാലിക്കേണ്ടതും അടുത്ത ഓഡിറ്റിനു ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

3-8 വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗ്രാമ പഞ്ചായത്ത് ഒടുക്കുന്നത് ക്രമപ്രകാരമല്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, പരിപാലനം എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദേശങ്ങൾ സ.ഉ. (സാധാ) നം. 1275/2009/ ത.സ്വ.ഭ.വ, തീയ്യതി. 30.05.2009 നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ വിതരണ സംവിധാനത്തിനു പുറമെ, തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടു പ്രവർത്തിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ സഹായത്തോടെ പരിപാലിക്കുന്നതുമായ പദ്ധതികൾ ഇവയിലുൾപ്പെടുന്നു.

മേൽ ഉത്തരവിലെ ഖണ്ഡിക 3 .ൽ, കേരള വാട്ടർ അതോറിറ്റി കൈമാറിയതും, തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടു പ്രവർത്തിപ്പിക്കുന്നതുമായ കുടിവെള്ള പദ്ധതികൾ അത്യാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയതിനു ശേഷം ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാൻ നിർദേശിച്ചിട്ടുണ്ട്. ഇവയുൾപ്പെടയുള്ള എല്ലാ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതലയാണ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറേണ്ടത്.

മേൽ പറഞ്ഞ ഉത്തരവിലെ ഖണ്ഡിക 3.3, 3.4, 3.5, 4,5,6 എന്നിവയിലെ നിർദ്ദേശങ്ങളിലും മേൽ പറഞ്ഞ വസ്തുതകൾ ആവർത്തിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ്, (ആർ.ടി) 893/2010.lsgd, Dated 17.3.2010- ലെ 1,2,3,4 ഖണ്ഡികകൾ കുടിവെള്ള പദ്ധതികളുടെ സംരക്ഷണം, നടത്തിപ്പ് ചെലവ് (വൈദ്യുതിചാർജ്, ഓപ്പറേറ്ററുടെ വേതനം എന്നിവയുൾപ്പെടെ), ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കണമെന്ന് കർശനമായി നിർദേശിക്കുന്നു. സഹകരണ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങണമെന്നും നടത്തിപ്പ് ചെലവിന് ഗുണഭോക്താക്കളിൽ നിന്ന് സംഭാവന സ്വീകരിക്കണമെന്നും ഉത്തരവ് നിർദേശിക്കുന്നു.

എന്നാൽ മേൽ പറഞ്ഞ ഉത്തരവിനു വിരുദ്ധമായി അനങ്ങനടി ഗ്രാമ പഞ്ചായത്ത് വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 233459 രൂപ ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനം	വൗച്ചർ നം, തീയ്യതി	തുക
1	61/11.4.17	23243
2	116/10.5.17	21272
3	203/12.6.17	33165
4	284/11.7.17	35033
5	343/10.8.17	20761
6	424/11.9.17	10233
7	446/26.9.17	4236
8	505/13.10.17	15916
9	582/9.11.17	14611
10	909/13.12.17	12949
11	999/9.1.18	12677
12	1082/8.2.18	13868
13	1161/8.3.18	15494
	ആകെ	233458

നിലവിലുള്ള നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഈയിനത്തിൽ ഭീമമായ തുക ചെലവഴിച്ച നടപടിയിന്മേൽ വിശദീകരണമാശ്യപ്പെട്ടുകൊണ്ട് നൽകിയഓഡിറ്റ് അന്വേഷണത്തിന് (നം. 16 തീ.23.10.2018) ഗ്രാമ പഞ്ചായത്ത് താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്

വൈദ്യുത ചാർജ്ജ് അടവാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃക്കമ്മറ്റികളെ ഏൽപ്പിക്കുന്നതിന് പലതവണ ശ്രമിച്ചെങ്കിലും ഫലവത്തായില്ല. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ ആയതിനാലും കുടിവെള്ള പദ്ധതികളിൽ ഗാർഹിക കണക്ഷനുകൾ ഇല്ലാത്തതിനാലും ഗുണഭോക്തൃക്കമ്മറ്റികൾ രൂപീകരിക്കുന്നത് അപ്രായോഗികമാകുകയാണ്. കുടിവെള്ള വിതരണം ഗ്രാമ പഞ്ചായത്തിന്റെ കടമയായതിനാൽ വൈദ്യുതിബന്ധം വിച്ഛേദിക്കാനാവില്ലെന്നും, ഫണ്ടുകളുടെ ദൗർലഭ്യം കാരണം മറ്റുസംവിധാനങ്ങൾ ഏർപ്പെടുത്താനാവില്ലെന്നും ഗ്രാമ പഞ്ചായത്ത് തുടർന്ന് പറയുന്നു.എന്നിരുന്നാലും വരും വർഷങ്ങളിൽ ഘട്ടം ഘട്ടമായി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃക്കമ്മറ്റികളെ ഏൽപ്പിക്കുന്നതാണ്.

കുടിവെള്ള വിതരണത്തിനുള്ള ഭീമമായ ആവർത്തിതച്ചെലവ് ഗ്രാമ പഞ്ചായത്തിന്റെ ധനസ്ഥിതിയെ തകർക്കുകയും വികസന പ്രവർത്തനങ്ങൾ അവതാളത്തിലാക്കുകയും ചെയ്യുന്നു. കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യച്ചുമതല അല്ലെന്നിരിക്കെ, പഞ്ചായത്തിന് ലഭിക്കുന്ന പരിമിയമായ വിഭവങ്ങളുടെ സിംഹഭാഗവും ഈയിനത്തിൽ ചെലവു ചെയ്യുന്നത് അംഗീകരിക്കാനാവില്ല. മാത്രമല്ല, ഗുണഭോക്താക്കളുടെ ബഹുമുഖ പങ്കാളിത്തം കൊണ്ടു മാത്രമേ ഇത്തരം പദ്ധതികൾ കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകുവാൻ കഴിയുകയുള്ളൂ. കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥതാ ബോധം കമ്മിറ്റികളിൽ പ്രത്യേക ഉത്തരവാദിത്വം ഏൽപ്പിക്കുന്നതിനാൽ സമയാ സമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, കാര്യക്ഷമമായി

പരിപാലിക്കുന്നതിലും കമ്മിറ്റികൾക്ക് പ്രത്യേക താൽപ്പര്യം സൃഷ്ടിക്കുന്നതിനും ഇത്തരം നടപടികൾ അനിവാര്യമാണ്.

മേൽ പറഞ്ഞ കാരണങ്ങളാൽ ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ നിലവിലുള്ള ഉത്തരവുകളും നിർദ്ദേശങ്ങളുമനുസരിച്ച് കുടിവെള്ള പദ്ധതികൾ എല്ലാം തന്നെ അതത് ഗുണഭോക്തൃക്കമ്മിറ്റികളെ ഏൽപ്പിക്കുവാനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-9 പൊതുടാപ്പുകളുടെ വെള്ളക്കരം- ഭീമമായ ചെലവ് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കണം

പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്ക് സംബന്ധിച്ച് ജി.ഒ. (ആ.ടി) 2242/2011 28.09.2011 സർക്കാർ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ നിർബന്ധമായും പൂർത്തീകരിക്കേണ്ടതുണ്ട്.

1. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയും , ബന്ധപ്പെട്ട തദ്ദേശ സ്ഥാപനവും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തണം.
2. ജല അതോറിറ്റി സംയുക്ത പരിശോധന സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നൽകണം.
3. ജല അതോറിറ്റി, എല്ലാ മാസവും 10- തീയ്യതിയോടെ, ടാപ്പുകളുടെ എണ്ണം, നിരക്ക് എന്നിവ കാണിച്ച് തദ്ദേശ സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകണം.
4. സെക്രട്ടറി ഒരു മാസത്തിനകം പണം ഒടുക്കണം.
5. അധിക ചാർജ്, ഇരട്ടി അടവ് തുടങ്ങിയവ സംബന്ധിച്ച പരാതികൾ പ്രത്യേക ഫോറത്തിൽ തദ്ദേശ സ്ഥാപനം, എക്സി.എഞ്ചിനീയർക്ക് സമർപ്പിക്കണം. അഥോറിറ്റി AE യുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ സംയുക്ത പരിശോധനയ്ക്ക് നിയോഗിക്കണം.

എന്നാൽ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെ, ടാപ്പുകളുടെ കൃത്യമായ എണ്ണമോ, നിരക്കോ രേഖപ്പെടുത്താതെ കേരള വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് നോട്ടീസ് നൽകുകയും യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ഒരു ഭീമമായ തുക ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കുകയുമാണ് ചെയ്തു വരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ , പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്

ക്രമ നം	വൗച്ചർ നം, തീയ്യതി	തുക
1	211/17.6.17	73062
2	302/15.7.17	73062

3	451/26.9.17	73062
4	597/17.11.17	73062
5	910/13.12.17	73062
6	1022/22.1.18	73062
7	1101/19.2.18	73062
8	1171/16.3.18	73062
9	81/26.4.17	73062
10	140/19.5.17	73062
11	350/16.8.17	73062
12	524/25.10.17	73062

ആയതിനാൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വെള്ളക്കരമിനത്തിൽ തുക ഒടുക്കുന്ന നടപടിയിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/23.10.18) താഴെ പറയും പ്രകാരം മറുപടി സമർപ്പിച്ചു.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ നിരന്തരമായ പരാമർശങ്ങളുടെ പശ്ചാത്തലത്തിൽ, കേരള ജല അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനയുടെ ഫലമായി പൊതു ടാപ്പുകളുടെ എണ്ണം 212 ൽ നിന്നും 167 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സംയുക്ത പരിശോധനയ്ക്ക് മുമ്പ് പ്രതിമാസം 92750 രൂപ വെള്ളക്കരമിനത്തിൽ അടവാക്കിക്കൊണ്ടിരിക്കുന്ന സ്ഥാനത്ത് ഇപ്പോൾ 73063 രൂപ മാത്രമേ ഇപ്പൾ ഒടുക്കുന്നുള്ളൂ. എങ്കിലും പൊതുടാപ്പുകളുടെ എണ്ണം ഇനിയും കുറയ്ക്കുന്നതിന് ജല അതോറിറ്റിയുമായി ചേർന്ന്, സത്വരവും ക്രിയാത്മകവുമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളക്കരമിനത്തിലെ ഭീമമായ ചെലവ് കർശനമായി നിയന്ത്രിക്കുന്നതിനുള്ള ബഹുമുഖ പദ്ധതികൾ ആവിഷ്കരിക്കുകയും ഗാർഹിക കണക്ഷൻ നൽകി കാലക്രമേണ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നടപടികൾ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് ഓഡിറ്റിനു സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

3-10 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ

(I) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 73 പ്രൊജക്ടുകളിൽ 42 എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. വിശദവിവങ്ങൾ

ചുവടെ ചേർക്കുന്നു.

	സ്പിൽ ഓവർ	പുതിയത്	ആകെ
അംഗീകാരം ലഭിച്ചത്	46	63	109
തുക ചെലവഴിച്ചത്	41	28	69

(II)ചെലവഴിച്ച തുകയുടെ വിവരം:

ഫണ്ടിനം	അടങ്കൽ	ചെലവ്
വികസനഫണ്ട് (ജനറൽ)	3654006	1932982
വികസന ഫണ്ട് (എസ്.സി.പി)	7379650	3962326
ധനകാര്യ കമ്മീഷൻ അവാർഡ്	6759651	3468271
ലോക ബാങ്ക് ധനസഹായം	2182884	2104131
കേന്ദ്രാവിഷ്കൃത ഫണ്ട്	450000	0
തനത് ഫണ്ട്	415575	224251
മെയ്ന്റനൻസ് ഫണ്ട് (റോഡ്)	2845419	1455293
മെയ്ന്റനൻസ് ഫണ്ട് (റോഡിതരം)	3137749	2034392
മറ്റുള്ളവ	450000	139508
ആകെ	27274934	15321154

(III) കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കുന്നത് അഭിനന്ദനാർഹം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനം ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. അനങ്ങനടി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചീനീയർ നടപ്പാക്കിയ 2017-18ൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗത്തിലും ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഇത് അഭിനന്ദനാർഹമാണ്. എന്നാൽ മുഴുവൻ ബ്രവൃത്തികളിലും തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്. ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

(IV)അങ്കണവാടി സംരക്ഷണം - പ്രവൃത്തി പൂർത്തീകരിക്കണം

21/18(81/17): അങ്കണവാടി സംരക്ഷണം എന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ തുക ₹.191,790/- ബിൽ നം.71/31.03.18 പ്രകാരം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുടർ പ്രവൃത്തികളൊന്നും നടന്നു കാണുന്നില്ല. അവസാനമായി പ്രവൃത്തി നടന്നത് 17.07.17ലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് പാർട്ട് ബിൽ നൽകിയത്. കരാറുകാരൻ ശ്രീ.ബഷീർ ഒപ്പുവെച്ച കരാറിൽ (നം.18/02.02.2017) പൂർത്തീകരണ കാലാവധി പരാമർശിക്കുന്നില്ലെങ്കിലും സാങ്കേതികാനുമതി നൽകുമ്പോൾ (നം.60513/16-17) മൂന്നുമാസമാണ് പ്രവൃത്തി പൂർത്തീകരണത്തിനായി അനുവദിച്ചത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുകയോ അവസാന ബിൽ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. അളവു പുസ്തകം നം.70/2016, 71/2016, 77/2016, 98/2016 ഇവ കാണുക. പ്രവൃത്തിമൂല്യമായ ₹.191,790/- നെ അടിസ്ഥാനമാക്കി റിടെൻഷൻ തുകയായി ₹.19,179/-ഉം നികുതികളും കഴിച്ച് ₹.168,775/- ആണ് കരാറുകാരന് നൽകിയത്. പ്രവൃത്തി പൂർത്തീകരിക്കാനായി സമയം നീട്ടിക്കൊടുത്തതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഉടനടി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(V): ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം

2017-18 വർഷം ബിൽ തുക നൽകിയ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽവില ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ₹.52,266/- ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ഈയിനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. ഈ തുക (₹.6000) നികുതിയും ചേർത്ത് ഈടാക്കേണ്ടതാണ്.

i)

പ്രൊജക്ട് നം/ പേര്	23/18(71/17): വട്ടാറ നന്ദനം റോഡ് - മെറ്റലിങ് & ടാറിങ്ങ്
വകയിരുത്തിയ തുക/ ഫണ്ടിനം	₹.250,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവു തുക/ ബിൽ നം.	₹.238,689/- (17/30.06.17)
അളവുപുസ്തകം	61/16-17
ബിറ്റുമെൻ അനുവദിച്ച ബാരലുകളുടെ എണ്ണം	9
ഈടാക്കേണ്ട തുക	9*250 = ₹.2250/-
കരാറുകാരൻ	സി. ശിവരാമൻ

ii)

പ്രൊജക്ട് നം/ പേര്	11/18(55/17): തരുവക്കോണം കനാൽ റോഡ് റീ ടാറിങ്ങ്
വകയിരുത്തിയ തുക/ ഫണ്ടിനം	₹.258,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവു തുക/ ബിൽ നം.	₹.257,974/- (33/25.10.17)
അളവുപുസ്തകം	66/16-17
ബിറ്റുമെൻ അനുവദിച്ച ബാരലുകളുടെ എണ്ണം	15
ഈടാക്കേണ്ട തുക	15*250 = ₹.3750/-
കരാറുകാരൻ	സി. ശിവരാമൻ

3-11 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വിശദാംശം	2016-17 വർഷം
1	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	3195
2	തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം	3193
3	തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	1166
4	തൻവർഷത്തെ ആകെ അടങ്കൽ	21298000
5	തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം	747
6	തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം	623
7	സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം	35എണ്ണം
8	തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ)	2245235.5
9	തൻവർഷത്തെ ചെലവ്	2242038.5
10	തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം	1065
11	തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	949
12	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	103
13	തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക	ഒന്നുമില്ല.
14	തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക	ഒന്നുമില്ല.
15	തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ്	സ്ഥാപിച്ചിട്ടുണ്ട്
16	തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം	കിണർ റീചാർജിങ്ങ് 75 റോഡ് 19 കിണർ ആൽമറ 37 കാലിത്തൊഴുത്ത് 7 കിണർ നിർമ്മാണം 60 കുളം നിർമ്മാണം 18
17	സോഷ്യൽ ഓഡിറ്റ് നടന്ന മാസം	ഏപ്രിൽ- 2017, ഒക്ടോബർ 2017

ക്രമ നം.	വിശദാംശം	2016-17 വർഷം
18	പരാതി രജിസ്റ്ററിന്റെ വിവരം	സൂക്ഷിക്കുന്നുണ്ട്.
19	സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം)	കുളം 16 എണ്ണം കിണർ 60എണ്ണം

<u>നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

ക്രമ നം.	പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം	2011-12 വർഷം	
		നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം	ചെലവഴിച്ച തുക
1	മണ്ണ്-ജല സംരക്ഷണം	556	2151720
2	വരൾച്ച തടയൽ, വനവത്കരണം	14	222223
3	ചെറുകിട ജലസേചനം	25	547271
4	പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം	45	3600000
5	പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം	3	1040200
6	ഭൂവികസനം	75	463309
7	വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ	0	0
8	വീട്ടു നിർമ്മാണം-ഐ.എ.വൈ	10	250000
9	റോഡ് നിർമ്മാണം	19	4450000
	ആകെ	747	12724723

വരവു ചെലവുകളുടെ വിവരം

വരവ്		ചെലവ്	
മുന്നിരിപ്പ്	12456	ഭരണ നിർവ്വഹണ ചെലവ്	2242047
ഭരണ നിർവ്വഹണം-വരവ്	2229480	വേതനം - EFMS	12724723
ബാങ്ക് പലിശ	3308	ഗ്രാമ പഞ്ചായത്ത് -മുൻകൂർ തിരിച്ചു നൽകിയത്	494467
വേതനം - EFMS	12724723	ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് നൽകാനുള്ളത്	123200
ഗ്രാമ പഞ്ചായത്ത്-മുൻകൂർ	617667	നീക്കിയിരിപ്പ്	3197
ആകെ	15587634	ആകെ	15587634

2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു

1	ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക	21298000
	ചെലവഴിച്ച തുക	14969958.5
	ശതമാനം	70.28%
2	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	3195
	തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	949
	ശതമാനം	29.7 %
3	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	103
4	തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ?	കിണർ റീചാർജിങ്ങ് 75 റോഡ് 19 കിണർ ആൽമറ 37 കാലിത്തൊഴുത്ത് 7 കിണർ നിർമ്മാണം 60കുളം നിർമ്മാണം 18

രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ 33.33% മാത്രമാണ് തൊഴിൽ ആവശ്യപ്പെടുന്നത്. തൊഴിൽ ആവശ്യപ്പെടുന്നവരിൽ 9.67% പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നത്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്	2017-18	560,000	75/18: സമഗ്ര നെൽകൃഷി വികസനം	560,000	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2016-17	271,308	32/17: സമഗ്ര നെൽകൃഷി വികസനം	235,554	35,754
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്	2017-18	100,000	164/15: ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	100,000	0
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്	2017-18	20,000	76/18: ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	20,000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	ട്രഷറി ബിൽ നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	163/18:സമ്പൂർണ്ണ വൈദ്യുതീകരണം - പഞ്ചായത്ത് വിഹിതം	3/21.8.17	125,000/-	0	125,000/-
KSEB	55/18:ഗതാഗതത്തിന് തടസമായ വൈദ്യുതി പോസ്റ്റ് മാറ്റൽ	27/23.3.18	38,733/-	0	38,733/-

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ്. ലോൺ	സ.ഉ(സാ) നം. .1000/2010 /ത.സ്വ.ഭ.വ. തീയതി: 24.03.2010	35,18,625	11,59,310	0	0	11,59,310

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-1	2016-17	2-1	തൊഴിൽ നികുതി	ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	62,263,973.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	54,399,256.00
വരവിനങ്ങളിലുള്ള നഷ്ടം	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	6,000.00
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	22,500.00

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-10-V(i)		₹.2250/-	ശ്രീമതി. ജ്യോൽസ്ന, അസി. എഞ്ചിനീയർ
3-10-V(ii)		₹.3750/-	ശ്രീ. കിമി ബോസ് അസി. എഞ്ചിനീയർ
ആകെ		₹.6000/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	₹.22500/-	ശ്രീ. ശരത് മോഹൻ, കൃഷി ഓഫീസർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
ഒന്നുമില്ല	

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി.ജ്യോൽസ്ന, അസി. എഞ്ചിനീയർ	ലഭ്യമായിട്ടില്ല	കൊട്ടാരത്തൊടി വീട്, ചെറുതുരുത്തി പി.ഒ പിൻ-679531
ശ്രീ. കിമി ബോസ് അസി. എഞ്ചിനീയർ	ലഭ്യമായിട്ടില്ല	കല്ലായിൽ വീട്, മ്യൂസിയം ക്രോസ് ലെയ്ൻ ചെമ്പുക്കാവ് പി.ഒ. പിൻ-680005
ശ്രീ. ശരത് മോഹൻ, കൃഷി ഓഫീസർ	കൃഷി ഭവൻ വാണിയംകുളം	വിമൽ ഭവൻ, പെരുമ്പിള്ളിശ്ശേരി, ചേർപ്പ് പി.ഒ പിൻ-680561

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്ക്സ്
1996-97	LFP8/308/98/18-6-1998	പുനരഭിപ്രായക്കുറിപ്പ്
1997-98	LFP8/849/02/19-92002	-ടി-
1998-99	LFP14/848/02/9-9-2002	-ടി-
1999-00	LFP14/896/063-11-2008	-ടി-
2000-01	LFP14/870/06/30-11-2009	-ടി-
2001-02	LFP14/871/06/30-11-2009	-ടി-
2002-03	LFP14/872/06/30-11-2009	-ടി-
2003-04	LFP14/873/06/30-11-2009	-ടി-
2004-05	LFP17/12/17-9-2012	-ടി-
2005-06	LFP16/12/10-4-2013	-ടി-
2006-07	LFP16/19/20-9-2012	-ടി-

2007-08	LFP1618576-5-13/	-ടി-
2008-09	LFP16/966/17-7-12	-ടി-
2009-10	LFP16/965/12/3-8-12	-ടി-
2010-11	LFP16/859/13/2-12-2013	-ടി-
2011-12	LFP16/1274/14/21/10/2014	ഓഡിറ്റ് റിപ്പോർട്ട്
2012-13	LFP16/188/2015/7-3-2015	ഓഡിറ്റ് റിപ്പോർട്ട്
2013-14 2014-15	KSA PKD 16/1191/2016/ 14.7.2016	ഓഡിറ്റ് റിപ്പോർട്ട്
2015-16	KSA PKD16/89/17/11.01.2017	ഓഡിറ്റ് റിപ്പോർട്ട്
2016-17	KSA PKD16-1651/17/02.09.17	ഓഡിറ്റ് റിപ്പോർട്ട്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എപികെഡി.21/1904(42)/2018 തീയതി – 29.8.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്നം.കെ.എസ്.എപികെഡി.21/1904(42)/2018 തീയതി – പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകൾ.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. Stock Registerലെ തുകകൾ B-14ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.
4. RP അക്കൗണ്ട് പ്രകാരം VPFA III-6 എന്ന അക്കൗണ്ടിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും ₹562/- ഉണ്ട്. രേഖ ഹാജരാക്കിയിട്ടില്ല.
5. ബാലൻസ് ഷീറ്റ് പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ₹.1200/- നീക്കിയിരിപ്പുണ്ട്. രേഖകൾ ഹാജരാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം - 2</u>

<u>സംക്ഷിപ്തം (Audited Abstract)</u>

Ananganadi Grama Panchayat

BALANCE SHEET			
For the period from 0l -April -20 17 to 3 l -March-20 18			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Munici pal Fund	B- l	14864 125.50
31 1000000	Earmarked Funds - SpeciaJ Funds/Si nking Fund!f rust or Agency Fund	B-2	19260.00
312000000	Reserves	B-3	4 1966162.00
	Total Reserve & Surplus		56849547.50
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	2271236 .00
	Total Grants, Contributions for Specific Purposes		2271236.00
	Loans		
330000000	Secured Loans	B-5	1159310.00
	Total Loans		1159310.00
	Current Liabilities & Provisions		
340000000	Deposits Received	B-7	728887.00
350000000	Other Liabilities	B-9	697851 .50
	Total Current Liabilities and Provisions		1426738.50
	TOTAL LIABILITIES		61706832.00
	ASSETS		
	Fixed Assets		
410000000	Fixed A ssets	B- l l	47554678.00
411000000	Accumulated Depreciation	B- 11	-2433480.00
4 12000000	Capital Work in Progress	B- l l (a)	0.0
	Total Fixed Assets		45121198.00
	Investments		
420000000	Investments-General Fu nd	B-12	1200.00
	Total Investments		1200.00
	Current Assets, Loans and Advances		
431000000	Sundry Debtors (Recei vables)	B-15	6287207.00

432000000	AccumuJated Provisions Against Debtors (Receivables)	B- l5(a)	0.0
440000000	Pre-paid Expenses	B-16	l 159310.00
450000000	Cash and Bank Balance	B-17	7864717.00
460000000	Loand, Advances and Deposits ls- 18		1273200 .00
	Total Current Assets, Loans and Advances		0.0
	Total Current Assets, Loans and Advances		16584434.00
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		61706832.00

Ananganadi Grama Panchayat
RECEIPT & PAYMENT
STATEMENT

For the period from 0l -April -20 17 to 3 l -March-2018

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	11984660.00
Cash	Cash	RP-40(a)	79689.00
	Operating		
110000000	Tax Revenue	RP-1	756770.00
130000000	Rental income from Panchayat Properties	RP-3	6500.00
140000000	Fees & User Charges	RP-4	650424.00
150000000	Sale & Hire Charges	RP-5	174309.00
160000000	Revenue Grants, Funds, Contributions & Compen sations	RP-7	39955623.00
171000000	interest Earned	RP-9	243374 .00
320000000	Grants, Funds & Contributions for Specific Purposes	RP-31	4833472.00
350000000	Other Liabiliti es	RP-36	118860.00
	Non Operating		
180000000	Other Income	RP- LO	1900.00
311000000	Earmarked Funds	RP-29	332.00
340000000	Deposits Received	RP-34	378066.00

350000000	Other Liabil ities	RP-36	149689.00
431000000	Sundry Debtors (Receivables)	RP-43	2872405.00
460000000	Loans, Advances and Deposits	RP-47	57900.00
	Grand total		62263973.00
	PAYMENTS		
	Operating		
2 10000000	Establishment Expenses	RP-11	2865321.00
220000000	Admini strati ve Expenses	RP-12	78 1476.00
230000000	Operation s & Mai ntenance	RP-13	2073858.00
250000000	Decentrali sed Plan Programme - Producti ve Sector	RP-15	4469552 .00
251000000	Decentrali sed Plan ProgrcllTi me-Service Sector	RP-16	11103048.00
252000000	Decentralised Plan Program me-Infrastructure Sector	RP-17	2877446.00
253000000	Decentrali sed Plan Programme- Projects not included in Sector Di vision	RP-18	124570.00
254000000	Expenditures of Transferred institutions and State Sponsored	RP-19	696160.00
	Schemes		
255000000	Maintenance Projects	RP-20	6385970.00
256000000	Other Revenue Grants and Funds - Revenue Expenses	RP-2 1	0.0
320000000	Grants, Funds & Contributions for Specific Purposes	RP-31	10000.00
350000000	Other Liabilities	RP-36	3856 118.00
	Non Operating		
240000000	interest & Finance Charges	RP-14	14 16.00
340000000	Deposits Received	RP-34	172665.00
350000000	Other Liabilities	RP-36	1365319.00
4 10000000	Fixed Assets	RP-38	54905 12.00
4 12000000	Capital work in Progress	RP-40	39 l0656.00
431000000	Sundry Debtors (Recei vables)	RP-43	6287802.00
460000000	Loans, Advances and Deposits	RP-47	1927367.00
	Closing Balance		

Bank	Bank	RP-40(b)	7864717.00
Cash	Cash	RP-40(b)	0.0
	Grand Total		62263973.00

Ananganadi Grama Panchayat
INCOME & EXPENDITURE
STATEMENT

For the period from 0l -April -20 17 to 3 l -March-20 18

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	l-1	3152913.00
130000000	Rental Income from Panchayat / Municipal Properties	l-3	36296.00
140000000	Fee & User Charges	1-4(b)	720784.00
150000000	Sale & Hire Charges	l-5(b)	188809.00
160000000	Revenue Grants, Funds , Contributions & Compen sations / Subsidies	l-6	86510267.00
171000000	Interest Earned	l-8	243374 .00
180000000	Other Income	l-9	7850.00
	Total Income		90860293.00
	EXPENDITURE		
210000000	Establishment Expenses	l- lO(b)	8053486.00
220000000	Admini strati ve Expenses	1-1 1 (b)	78 1476.00
230000000	Operation s & Mai ntenance	l-12(b)	2073858.00
240000000	Interest & Finance Charges	l-13	l416.00
250000000	Decentrali sed Plan Progrc:tm me-Productive Sector / Programme Expenses	l-14	7194469.00
251000000	Decentrali sed Plan Programme-Service Sector	l- 14(a)	21602213.00
252000000	Decentralised Plan Programme-lnfra structure Sector	l-14(b)	2877446.00
253000000	Decentrali sed Plan Program me-Projects not included in	l- l 4(c)	124570 .00

	Sector Di vision		
254000000	Expenditures of Transfered Institution s and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	40618960 .00
255000000	Maintenance Projects	I-14(e)	6385970.00
256000000	Other Revenue Grants and Funds - Revenue Expenses	I- 15(a)	0.0
272000000	Depreci ation	I- I7(a)	939770.00
	Total Expenditure		90653634.00
	Gross Surplus/ Deficit of income over Expenditure		206659.00
280000000	P1ior Period Item	1-18	-568534.00
	Gross Surplus/Deficit of Income over Expenditure after prior period items.		775193.00
290000000	Transfer to Reserve Funds	I- I 8{a)	0.0